കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- എറണാകുളം ജില്ല – ചേരാനെല്ലൂർ ഗ്രാമപഞ്ചായത്ത് - നോയൽ ബിൽഡേഴ്സ് നിർമ്മിക്കുന്ന ബഹുനില കെട്ടിടത്തിന്റെ പൈലിംഗ് - സമീപകെട്ടിടങ്ങളുടെ കേടുപാടുകൾ പരിശോധിക്കുന്നതിന് ടെക്നിക്കൽ എക്സ്പേർട്ട് കമ്മിറ്റിയെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർബി) വകുപ്പ്**

**സ.ഉ.(സാധാ)നം.1742/2021/തസ്വഭവ തിരുവനന്തപുരം, തീയതി 13/09/2021.**

---

പരാമർശം:- 1. സ.ഉ. (സാധാ) നം.111/2021/തസ്വഭവ തീയതി 16/01/2021.

2. ചേരാനെല്ലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 26/08/2021 തീയതിയിലെ ബി4/41/21 നമ്പർ കത്ത്.

**ഉത്തരവ്**

എറണാകുളം ജില്ലയിലെ ചേരാനെല്ലൂർ ഗ്രാമപഞ്ചായത്ത് 4-ാം വാർഡിൽ നോയൽ ബിൽഡേഴ്സ് എന്ന സ്ഥാപനം നിർമ്മിക്കുന്ന ബഹു നില അപ്പാർട്ട്മെന്റ് കെട്ടിടത്തിന്റെ പൈലിംഗ് മൂലം തങ്ങളുടെ വീടുകൾക്ക് കേടുപാടുകൾ സംഭവിച്ചെന്ന് കാണിച്ച് സമീപവാസികൾ സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ, ടി കെട്ടിടങ്ങളുടെ കേടുപാടുകൾ പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഒരു എക്സ്പെർട്ട് കമ്മിറ്റിയെ നിയമിക്കേണ്ടതുണ്ടെന്നും, അതേസമയം ടി പഞ്ചായത്തിൽ നാഷണൽ ബിൽഡേഴ്സ് എന്ന നിർമ്മാണ കമ്പനി, കെട്ടിട നിർമ്മാണം നടത്തിയതിന്റെ ഭാഗമായുള്ള പൈലിംഗ് നടപടികൾ കാരണം കെട്ടിടങ്ങൾക്ക് കേടുപാടുകൾ സംഭവിച്ചതിനാൽ, സമീപ വാസികൾ ഇതിനെതിരെ ഫയൽ ചെയ്ത കേസിലെ വിധിന്യായ പ്രകാരം കേരളാ പഞ്ചായത്ത് ബിൽഡിംഗ് റൂൾ 12(13) പ്രകാരം കെട്ടിടങ്ങളുടെ കേടുപാടുകൾ പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിന് പരാമർശം (1) പ്രകാരം രൂപീകരിച്ച എക്സ്പെർട്ട് കമ്മിറ്റിയെത്തന്നെ ഇക്കാര്യത്തിൽക്കൂടി ചുമതലപ്പെടുത്താമോയെന്നുള്ള കാര്യത്തിൽ നിർദ്ദേശം നൽകണമെന്നും പരാമർശം (2) പ്രകാരം ചേരാനെല്ലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ആവശ്യപ്പെട്ടിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച കേരളാ പഞ്ചായത്ത് ബിൽഡിംഗ് റൂൾ 2011 ലെ റൂൾ 12(13)ലെ വ്യവസ്ഥ പ്രകാരം പരാമർശം (1) ഉത്തരവ് പ്രകാരം എറണാകുളം ജില്ലയിലെ ചേരാനെല്ലൂർ ഗ്രാമപഞ്ചായത്തിൽ രൂപീകരിച്ച ടെക്നിക്കൽ എക്സ്പെർട്ട് കമ്മിറ്റിയെത്തന്നെ, ടി പഞ്ചായത്തിൽ 4-ാം വാർഡിൽ നോയൽ ബിൽഡേഴ്സ് എന്ന സ്ഥാപനം നിർമ്മിക്കുന്ന ബഹു നില അപ്പാർട്ട്മെന്റ് കെട്ടിടത്തിന്റെ പൈലിംഗ് മൂലം സമീപവാസികളുടെ കെട്ടിടങ്ങൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾ വിലയിരുത്തി നഷ്ടപരിഹാരം കണക്കാക്കുന്നതിനായി നിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ലിസിമോൾ ഇ**

**ഡെപ്യൂട്ടി സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം

രജിസ്ട്രാർ, കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് & ടെക്നോളജി, കളമശ്ശേരി, കൊച്ചി.
സീനിയർ ടൗൺ പ്ലാനർ, എറണാകുളം
സെക്രട്ടറി, ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത്, എറണാകുളം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ